# കേരളസർവകലാശാല

നം.പി.ആർ.126/2023 തിരുവനന്തപുരം, തീയതി: 23/06/2023

## പത്രക്കുറിപ്പ്

### കേരള സർവകലാശാല: ഒന്നാം വർഷ ബിരുദ പ്രവേശനം 2023 ഒന്നാം ഘട്ട അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും

കേരള സർവകലാശാലയുടെ 2023–24 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് https://admissions.keralauniversity.ac.in/ug2023 എന്ന വെബ്സൈറ്റിൽ 2023 ജൂൺ 24 ന് പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) ജൂൺ 28 വരെ ഓൺലൈനായി ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും ഫീസ് Transaction Success എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്. മേൽ പറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടും മൂന്നും അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല ഫീസ് അടയ്ക്കേതാണ്. ഈ ഘട്ടത്തിൽ പ്രവേശനത്തിനായി കോളേജിൽ ഹാജരാകേണ്ടതില്ല.

വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ) ജൂൺ 28 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2023–24

കേരള സർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനായുള്ള പോർട്ടലിൽ ട്രാവൻകൂർ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടുത്തിയിട്ടുണ്ട്.വിശദവിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ്:എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്. ഡിസംബർ 2022 ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (2013 സ്കീം) ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ 2023 ജൂൺ 27 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് കോഴ്സ്

കേരളസർവകലാശാല തുടർ വിദ്യാഭ്യാസവ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലൊയോള കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു, ഇപ്പോൾ സർക്കാർ സർവീസിലുള്ളവർക്ക് എസ്.എസ്.എൽ.സി. യോഗ്യത മതിയാവും. 2023 ജൂലൈ 10 വരെ അപേക്ഷിക്കാം. അപേക്ഷ ഫോമിന്റെ വില 100 രൂപ, ശ്രീകാര്യം ലൊയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷാ ഫോം ലഭിക്കുന്നതാണ്. തപാലിൽ ലഭിക്കേണ്ടവർ പ്രിൻസിപ്പാളിന്റെ പേരിലെടുത്ത 100 രൂപയുടെ ഡി.ഡിയും, സ്വന്തം മേൽവിലാസമെഴുതി 5 രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം പ്രിൻസിപ്പാൾ, ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യം പി.ഒ., തിരുവനന്തപുരം – 695 017 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 - 2592059, 2591018.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**